കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-വയനാട് ജില്ല - പനമരം ഗ്രാമ പഞ്ചായത്ത്-കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് സ്ഥലം കൈമാറുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം . 2036/2013/തസ്വഭവ തീയതി, തിരുവനന്തപുരം 2-8-2013

---

പരാമർശം:
1) പനമരം ഗ്രാമ പഞ്ചായത്തിന്റെ 11/3/2013 ലെ 30/2013 നമ്പർ തീരുമാനം
2) പനമരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 25/4/2013 ലെ എ3-1923/13 നമ്പർ കത്ത്
3) പഞ്ചായത്ത് ഡയറക്ടറുടെ 12/6/2013 ലെ സി2-17439/13 നമ്പർ കത്ത്

<u>ഉത്തരവ്</u>

വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി പനമരം ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഒരേക്കർ സ്ഥലത്തിൽപ്പെട്ടതും പ്രസ്തുത ആവശ്യത്തിന് ഉപയോഗിച്ചശേഷം ബാക്കിയുള്ളതുമായ പനമരം വില്ലേജ് റീസർവ്വേ 82-ൽപ്പെട്ട 50 സെന്റ് സ്ഥലം കേരള സംസ്ഥാന യുവജന ക്ഷേമബോർഡിന്റെ ജില്ലാ ആസ്ഥാനമായ യൂത്ത് ഭവൻ നിർമ്മിക്കുന്നതിലേക്ക് ബോർഡിന് സൗജന്യമായി കൈമാറുന്നതിന് പരാമർശം(1) പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്ത് പരാമർശം(2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുമതിയ്ക്കായി അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പനമരം വില്ലേജ് റീസർവ്വേ 82 -ൽപ്പെട്ട 50(അൻപത്) സെന്റ് സ്ഥലം യൂത്ത് സെന്റർ/യൂത്ത് ഭവൻ നിർമ്മിക്കുന്നതിലേക്ക് കേരള സംസ്ഥാന യുവജന ക്ഷേമബോർഡിന് കൈമാറുന്നതിന് പനമരം ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി പദ്ധതി ഏതെങ്കിലും കാരണവശാൽ നടപ്പാകാതെ വരുന്ന പക്ഷം സ്ഥലം ഗ്രാമ പഞ്ചായത്തിൽ തിരികെ നിക്ഷിപ്തമാകുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ഷൈനി ജോർജ്ജ്
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി(എൽബിഎ&എ) കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജന ക്ഷേമബോർഡ്, കവടിയാർ പി.ഒ , തിരുവനന്തപുരം 695003
ജില്ലാ കളക്ടർ,വയനാട്
സെക്രട്ടറി, പനമരം ഗ്രാമ പഞ്ചായത്ത്, വയനാട് 670721
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
സ്പോർട്സ്&യൂത്ത് അഫയേഴ്സ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.